(എഫ്) 1997 ജനുവരി 1 മുതൽ 1999 മേയ് 31 വരെ ആകെ 11837 കേസുകൾ കണ്ടു പിടിക്കപ്പെട്ടിട്ടുണ്ട്. മറ്റു വിവരങ്ങൾ ശേഖരിച്ചു വരുന്നു.

33 (325) പുതിയ ബ്ലൻഡിംഗ് ആന്റ് ബോട്ടിലിംഗ് യൂണിറ്റുകൾ

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ബ്ലൻഡിംഗ് ആന്റ് ബോട്ടിലിംഗ് യൂണിറ്റുകളും ബ്രൂവറികളും ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) ഇതിന്മേൽ ഇതുവരെ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) പുതിയ ബ്ലൻഡിംഗ് ആന്റ് ബോട്ടിലിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണ്;

(ഡി) കേരളത്തിൽ പ്രതിദിനം എത്ര കെയ്സ് ഇൻഡ്യൻ നിർമ്മിത വിദേശ മദ്യം ചെലവാകുന്നുണ്ട്; ഇതിൽ കേരളത്തിൽ എത്ര കെയ്സ് ആണ് ഉൽപാദിപ്പിക്കുന്നത്;

(ഇ) കേരളത്തിൽ എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോൾ ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാം;

(എഫ്) പൊതുമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോൾ ഉൽപ്പാദനശേഷി പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തൊണ് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 90 ബ്ലെണ്ടിംഗ് ആന്റ് ബോട്ടിലിംഗ് യൂണിറ്റുകളും 3 ബ്രൂവറികളും ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ലഭിച്ച അപേക്ഷകളിൽ നാല് ബ്ലൻഡിംഗ് ആന്റ് ബോട്ടിലിംഗ് യൂണിറ്റുകൾക്കും രണ്ടു ബ്രൂവറികൾക്കും ലൈസൻസ് നൽകുന്നതിനുള്ള അനുവാദം എക്സൈസ് കമ്മീഷണർക്ക് നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്തിനാവശ്യമായ വിദേശമദ്യത്തിന് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സാഹചര്യവും ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകാവുന്ന തൊഴിൽ സാദ്ധ്യതയും കണക്കിലെടുത്താണ് പുതിയ യൂണിറ്റുകൾ അനുവദിക്കാനുള്ള നടപടി സ്വീകരിക്കാനുണ്ടായ കാരണം.

(ഡി) പ്രതിദിനം ഏകദേശം 17500 കെയ്സ് വിദേശമദ്യം ചെലവാകുന്നുണ്ട്. ഇതിൽ ഏകദേശം 13500 കെയ്സ് വിദേശമദ്യം സംസ്ഥാനത്തുല്പാദിപ്പിക്കുന്നുണ്ട്.

(ഇ) പൊതുമേഖലയിലെ ചിറ്റൂർ കോ-ഓപ്പറേറ്റീവ് ഷുഗർ മിൽസ് എന്ന സ്ഥാപനം.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)പ്രസ്തുത സ്ഥാപനത്തിലെ ഇപ്പോഴുള്ള സൗകര്യങ്ങൾവച്ച് ഉൽപ്പാദനശേഷി പൂർണ്ണമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

34 (326) വിദേശമദ്യത്തിന്റെ ബ്ലെന്റിംഗ്, ബോട്ടിലിംഗ്

ശ്രീ. കെ.കെ.രാമചന്ദ്രൻ മാസ്റ്റർ :

ശ്രീ. എ.കെ. മണി :

ശ്രീ. പി.ജെ. ഫ്രാൻസിസ് :

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ വിദേശമദ്യം നിർമ്മിക്കുന്നതും ബ്ലെൻഡിംഗും ബോട്ടിലിംഗും നടത്തുന്നതുമായ എത്ര പ്ലാന്റുകൾ സംസ്ഥാനത്തുണ്ടായിരുന്നു;

(ബി) ഇവയുടെ പ്രതിദിന ഉല്പാദനശേഷി എത്ര ലിറ്റർ വീതമായിരുന്നു;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇവയുടെ ഉല്പാദനശേഷി വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര വീതം വർദ്ധിപ്പിച്ചുവെന്ന് അറിയിക്കുമോ;

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വിദേശമദ്യം നിർമ്മിക്കുന്നതിനും ബ്ലെൻഡിംഗും ബോട്ടിലിംഗും നടത്തുന്നതിനുമുള്ള അനുവാദം നല്കിയിട്ടുണ്ടോ;

(എഫ്)എങ്കിൽ ആർക്കെല്ലാം എവിടെയെല്ലാമാണെന്ന് അറിയിക്കുമോ;

(ജി) ഇവയുടെ പ്രതിദിന ഉല്പാദനശേഷി എത്രവീതമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പന്ത്രണ്ട് എണ്ണം.

(ബി) ഇവയുടെ പ്രതിദിന ഉല്പാദനശേഷി ചുവടെ ചേർക്കുന്നു.

	പേര്	പ്രതിദിന ഉല്പാദന ശേഷി കെയ്സുകളിൽ
1.	യുണൈറ്റഡ് ഡിസ്റ്റിലറി, വേങ്ങിലപ്പാറ	2100
2.	കേരള ഡിസ്റ്റിലറീസ് ആന്റ് അലൈഡ് പ്രോഡക്ട്സ്, പാലക്കാട്	3000
3.	തോട്ടക്കാട് ഡിസ്റ്റിലറി, ആലുവ	400
4.	കെയ്സ് ഡിസ്റ്റിലറി, പുതുക്കാട്	5000
5.	പോൾസൺ ഡിസ്റ്റിലറി, ചാലക്കുടി	2500
6.	സെവൻസീസ് ഡിസ്റ്റിലറി, മണ്ണുത്തി	5000
7.	കേരള ആൾക്കഹോളിക് പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, പാലക്കാട്	2900
8.	സൂപ്പർസ്റ്റാർ ഡിസ്റ്റിലറീസ്, തൃശ്ശൂർ	2000

LIBRARY ARCHIVES Kerala Legislative Assembly